## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5256 26/03/2018-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖല

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.പുരുഷൻ കടലുണ്ടി**<br>**,, സി.കെ. ഹരീന്ദ്രൻ**<br>**,, യു. ആർ. പ്രദീപ്** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രീ-പ്രൈമറി വിദ്യാഭ്യാസം ക്രോഡീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഈ രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി ദേശീയ ശിൽപ്പശാല സംഘടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) സംസ്ഥാനത്ത് പ്രീ-പ്രൈമറി വിദ്യാഭ്യാസം ഏകീകരിക്കുന്നതിനുള്ള ആശയരൂപീകരണത്തിനായി ശിശുവിദ്യാഭ്യാസ വിദഗ്ധർ, ശിശു മനശ്ശാസ്ത്രജ്ഞൻ, ആരോഗ്യമേഖലയിലെ വിദഗ്ധർ, പ്രീസ്കൂൾമേഖലയിലെ വിവിധ ഏജൻസികളുടെ പ്രതിനിധികൾ, നിയമ വിദഗ്ധർ തുടങ്ങിയ അന്തർദേശീയ, ദേശീയ സംസ്ഥാന വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ദേശീയ ശിൽപശാല എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ശില്പശാലയിൽ രൂപീകരിക്കപ്പെട്ട ആശയങ്ങൾ ഉൾപ്പെടുത്തി കൊണ്ട്, റിപ്പോർട്ട് എസ്.സി.ഇ.ആർ.ടിയിൽ തയ്യാറാക്കി വരുന്നു. |
| (സി) പ്രീ-പ്രൈമറി അദ്ധ്യാപക വിദ്യാഭ്യാസം പുനരുജ്ജീവിപ്പിക്കുന്നതിനും കുട്ടികളുമായി സൗഹൃദപരമായി ഇടപഴകിക്കൊണ്ട് പഠനം അനായാസമാക്കുന്നതിനും സഹായിക്കുന്ന വിധത്തിൽ പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ഉണ്ട്. ശിശുസൗഹൃദ പ്രീസ്കൂൾ അന്തരീക്ഷം ഉറപ്പാക്കിക്കൊണ്ട് ശാസ്ത്രീയമായ പ്രീസ്കൂൾ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ പ്രീസ്കൂൾ അദ്ധ്യാപകരെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ എസ്.സി.ഇ.ആർ.ടി 'പ്രശിക്ഷാ -2017' എന്ന പേരിൽ പ്രീസ്കൂൾ അദ്ധ്യാപക പരിവർത്തന ഗവേഷണ പരിപാടി നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലേയും തെരഞ്ഞെടുക്കപ്പെട്ട 60 അദ്ധ്യാപകർക്ക് |

പരിശീലനം നൽകി. പരിശീലനം സിദ്ധിച്ച അദ്ധ്യാപകർ പുതിയ പഠനരീതി സ്വന്തം ക്ലാസ് മുറികളിൽ ട്രൈഔട്ട് നടത്തുകയും ചെയ്തു. പരിശീലനത്തിന്റെ അടിസ്ഥാനത്തിലുള്ള ക്ലാസ്റ്റം പ്രവർത്തനങ്ങൾ പഠനവിധേയമാക്കുകയും ആവശ്യമായ മെച്ചപ്പെടുത്തലുകളോടെ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ഡി) സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്ക് വിനോദങ്ങളിലേർപ്പെടുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി ബജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(ഡി) 2017-18 സാമ്പത്തിക വർഷത്തിൽ 90 ലക്ഷം രൂപയും അലോട്ട്മെന്റ് ഫണ്ടിൽ നിന്നും 14 വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നൽകുകയുണ്ടായി. ഈ തുക ഉപയോഗിച്ച് സർക്കാർ സ്കൂളുകളോട് അനുബന്ധിച്ച് പ്രീ-പ്രൈമറി ക്ലാസുകളിലെ കുട്ടികൾക്ക് കളിക്കോപ്പ്, ബഡ്, ബഡ്ഷീറ്റ്, ഔട്ട്സൈഡ് പ്ലേ ഗ്രൗണ്ട്, ഫർണീച്ചർ എന്നിവ വാങ്ങുന്നതിനും മെഡിക്കൽ ചെക്കപ്പിനും നൽകിയിട്ടുണ്ട്. 2018-19 ലും 90 ലക്ഷം രൂപ ഇതേ ആവശ്യത്തിനായി ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ